# കേരള കാർഷിക സർവകലാശാല വാർത്തകൾ

(ഏപ്രിൽ 5 – 11, 2019)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
E-mail: ccmannuthy@kau.in, Phone:0487-2370773)

No. C3/4/2019 – 15 Dt. 04.04.2019

## വിളകളെ വേനൽച്ചൂടിൽ നിന്നും സംരക്ഷിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാനത്തെ താപനില അസാധാരണമാംവിധം വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുകൾ സ്ഥിരീകരിക്കുന്നു. താപനില ഏതാണ്ട് 40 ഡിഗ്രി എന്ന നിലയിലെത്തുകയും വേനൽമഴ ശുഷ്ക്കമാവുകയും ചെയ്തുകൊണ്ടിരിക്കുന്നത് മനുഷ്യർക്കെന്നതുപോലെ കാർഷിക വിളകൾക്കും പ്രയാസകരമായ സാഹചര്യമാണ്. അന്തരീക്ഷ താപനിലയേക്കാൾ ഏതാണ്ട് ഒരു ഡിഗ്രിയിലധികമായിരിക്കും മണ്ണിന്റെ താപനിലയെന്നതും സ്ഥിതി ഗുരുതരമാക്കുന്നു. ഈ പശ്ചാത്തലത്തിൽ കാർഷിക രംഗത്ത് അനുവർത്തിക്കാവുന്ന മുൻകരുതലുകളും പരിപാലന മുറകളും പ്രതിപാദിക്കുന്നു.

കാർഷിക പ്രവർത്തനങ്ങൾ പകൽ 12 മുതൽ 3 വരെയുള്ള സമയത്ത് ഒഴിവാക്കേണ്ടതാണ്. രാസകീടനാശിനികൾ ഒരു കാരണവശാലും ഈ സമയത്ത് പ്രയോഗിക്കാൻ പാടുള്ളതല്ല.

ഭൂമിക്ക് ആവരണം എന്ന നിലയ്ക്ക് ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ച് പുതയിടുന്നത് ഏറ്റവും അവശ്യം അനുവർത്തിക്കേണ്ടതാണ്. മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതിരിക്കുന്നതിന് സഹായകരമാകുന്നവിധം ഒരു പുതപ്പിന്റെ ധർമ്മം നിർവ്വഹിക്കുകയാണ് ഇത് ചെയ്യുന്നത്. ബാഷ്പീകരണം മൂലം ജലം നഷ്ടപ്പെട്ടുപോകുന്നതും ഇതുമൂലം പരിമിതപ്പെടുന്നു. ജൈവാവശിഷ്ടങ്ങൾ ഒരു കാരണവശാലും കത്തിക്കരുത്. തീയിടുന്നത് അന്തരീക്ഷ താപനിലയും മണ്ണിലെ താപനിലയും ക്രമാതീതമായി ഉയരുന്നതിനും അനുബന്ധ പ്രശ്നങ്ങൾക്കും ഇടയാക്കും. ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക.

<u>വേനൽക്കാല ഉഴവ് </u>:- മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് വേനൽമഴയിൽ നിന്നും ലഭിക്കുന്ന ജലം മണ്ണിൽതന്നെ സംഭരിച്ച് നിർത്താനുള്ള നല്ലൊരു മാർഗ്ഗമാണ്. ഇതിനായി തെങ്ങിൻതോപ്പുകളിലും മറ്റും വേനൽക്കാല ഉഴവ് അനുവർത്തിക്കാം. വേനൽമഴ ലഭിച്ചതിനുശേഷം പയർവർഗ്ഗവിളകൾ വിതയ്ക്കുന്നതും ഏറെ ഗുണം ചെയ്യും.

## വിവിധ വിളകൾക്കുള്ള പ്രത്യേക ശുപാർശകൾ

### 1.കമുക്

- കമുകിൻ തടികളിൽ, പ്രത്യേകിച്ച് സൂര്യപ്രകാശം നേരിട്ട് തട്ടുന്ന സ്ഥലങ്ങിൽ കുമ്മായം പൂശുക
- കണിക ജലസേചന രീതി ( 15-20 ലിറ്റർ / ഒരു ദിവസം കമുകൊന്നിന്) അവലംബിക്കുക
- കമുകിൻ തടങ്ങളിൽ കരിയിലയും മറ്റും ഉപയോഗിച്ച് പുതയിടുക
- കമുകിൻ തൈകൾക്ക് തണൽ കൊടുക്കുക

2. <u>കുരുമുളക്</u>

- രണ്ടാഴ്ച ഇടവിട്ടുള്ള ജലസേചനം, തടങ്ങളിൽ പുതയിടൽ തുടങ്ങിയവ അനുവർത്തിക്കുക
- ചെറിയ കൊടികൾക്ക് തണൽ നൽകേണ്ടതാണ്.
- കണിക ജലസേചനരീതി കഴിയുന്നതും അവലംബിക്കുക. കടുത്ത വരൾച്ച അനുഭവപ്പെടുന്ന മേഖലയിൽ ചെടികളിൽ ഇടയ്ക്ക് വെള്ളം തളിച്ചു കൊടുക്കുന്നത് നന്നായിരിക്കും

3. <u>ജാതി</u>

- ജാതിയിൽ ജല ദൗർലഭ്യത്തിന്റെ ആദ്യലക്ഷണമായ കായ് ചുങ്ങൽ /കായ വാടിവീഴുക എന്നീ ലക്ഷണങ്ങൾ കാണുന്ന ഘട്ടത്തിൽ ജലസേചനം അത്യന്താപേക്ഷിതമാണ്.
- ജാതിയുടെ ചുവട്ടിൽ പുതയിടൽ നിർബന്ധമായും അനുവർത്തിക്കുക
- സൾഫേറ്റ് ഒഫ് പൊട്ടാഷ് ( 5 ഗ്രാം ഒരു ലിറ്റർ വെളള്തിൽ ) തളിച്ചുകൊടുക്കുന്നത് വരൾച്ചയെ പ്രതിരോധിക്കാൻ ഒരു പരിധിവരെ സഹായിക്കുന്നു.
- വേനൽക്കാലത്തു ജാതിയിൽ ഉണ്ടാകുന്ന പ്രധാന രോഗങ്ങൾ കായ് കൊഴിച്ചിലും, കൊമ്പുണക്കവും, കരിംപ്പൂപ്പ് രോഗവുമാണ്. അവയ്ക്കായുള്ള സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്.
    - രോഗം ബാധിച്ച ഇലകളും കായ്കളും നശിപ്പിക്കുകയും ഉണങ്ങിയ കൊമ്പുകൾ വെട്ടിനശിപ്പിക്കുകയും ചെയ്ത്, തോട്ടത്തിൽ മുഴുവനായും ശുചിത്വം പാലിക്കുക.
    - ജാതിയിൽ കായ് പിടുത്തം കൂട്ടുന്നതിനും, കായ് കൊഴിച്ചിൽ തടയുന്നതിനും, കുമിൾ രോഗബാധ നിയന്ത്രിക്കുന്നതിനും സ്യൂഡോമോണാസ് ഫ്ളൂറാസൻസ് 20 ഗ്രാം ഒരു ലിറ്റർ വീര്യത്തിൽ കായ്പിടുത്ത സമയത്ത് തളിച്ചുകൊടുക്കുക.
    - 20 ഗ്രാം ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയുടെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിയ്ക്കുന്നത് കൂടുതൽ ഫലപ്രദമാണ്.
    - പൊട്ടാഷ് അഭാവമുള്ള മരങ്ങളിൽ കൃത്യമായി വളപ്രയോഗം നടത്തുക
    - കരിംപ്പൂപ്പ് രോഗങ്ങൾ കാണുന്ന ഇലകളിൽ കഞ്ഞിവെള്ളം തളിക്കുക

ഈയാഴ്ചത്തെ പൊതുവായ വിള പരിപാലന നിർദ്ദേശങ്ങൾ

ഒന്നാം വിളയ്ക്ക് നടീൽ നടത്തുന്ന സ്ഥലങ്ങളിൽ ഈ സമയത്ത് ഡെയിഞ്ച പോലുള്ള പച്ചിലവളച്ചെടികളുടെ വിത്ത് ഹെക്ടറിന് 20 കിലോഗ്രാം എന്ന തോതിൽ വിതയ്ക്കുന്നത് നല്ലതാണ്. ഇതുകൊണ്ട് 10 ടണ്ണോളം ജൈവ

വളം ഒരു ഹെക്ടറിന് ലഭിക്കുന്നതു വഴി രാസവളങ്ങളുടെ അളവ് 50 ശതമാനത്തോളം കുറയ്ക്കാൻ സാധിയ്ക്കും. ഇതിനോടൊപ്പം നിലം നല്ലതു പോലെ ഉഴുത് നിരപ്പാക്കുന്നത് കളകളെ നിയന്ത്രിക്കാനും ജലത്തിന്റെയും പോഷകമൂലകങ്ങളുടെയും ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും.

തെങ്ങിന് നന തുടരണം. നാല് ദിവസത്തിലൊരിക്കൽ തെങ്ങൊന്നിന് 300 ലിറ്റർ വെള്ളം നൽകണം. തെങ്ങിന്റെ ശത്രു കീടമായ കൊമ്പൻചെല്ലി തെങ്ങിന്റെ കൂമ്പും വിടരാത്ത ഓലയും പൂങ്കുലയും തുളച്ചു തിന്നു നശിപ്പിക്കുന്നു. ചാണകത്തിലും കമ്പോസ്റ്റിലുമാണ് കൊമ്പൻചെല്ലി സാധാരണ മുട്ടയിട്ടു പെരുകുന്നത്. മെറ്റാറൈസിയം എന്ന കുമിൾ ഉപയോഗിച്ച് ഇവയുടെ പുഴുക്കളെ എളുപ്പത്തിൽ നശിപ്പിക്കാം. കുമിൾ ബാധയേറ്റ പുഴുക്കൾ ചലനമറ്റ് 12-15 ദിവസത്തിനകം ചത്തുപോകുന്നു. ഈ കുമിളിനെ തേങ്ങാ വെള്ളത്തിൽ എളുപ്പത്തിൽ വളർത്തിയെടുക്കാം. ചെല്ലിയുടെ പുഴുക്കൾ വളരുന്ന ചാണകക്കുഴികളിൽ ഒരു ക്യൂബിക് മീറ്ററിന് 250 മില്ലിഗ്രാം മെറ്റാറൈസിയം 750 മില്ലി വെള്ളവുമായി കലർത്തി തളിച്ച് ഇളക്കി കൊടുക്കണം. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റിലും, മണ്ണുത്തിയിലെ സെയിൽസ് കൗണ്ടറിലും ഈ കുമിൾ വില്പനയ്ക്കുണ്ട്. (ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 0487-2438303, മണ്ണുത്തി സെയിൽസ് കൗണ്ടർ - 0487-2371340, 2370540)

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടുമൂടണം.

കൊമ്പൻചെല്ലിയെ നിയന്ത്രിക്കുന്നതിന് 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് 250 ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളുകളിൽ ഇട്ടു കൊടുക്കുന്നത് ഫലപ്രദമാണ്.

ഈ പ്രത്യേക കാലാവസ്ഥയിൽ വാഴിയിൽ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. മുൻകരുതലായി വാഴക്കന്ന് നടുന്നതിന് മുൻപ് കന്നിന്റെ അടിഭാഗത്ത് ചുറ്റും, ചെത്തി വൃത്തിയാക്കി ചാണക ലായനിയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി, മൂന്നോ നാലോ ദിവസം വെയിലത്തുവച്ചുണക്കി നടുക. കൂടാതെ വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടുകൊടുക്കുന്നത് നല്ലതാണ്. നേന്ത്രവാഴയ്ക്ക് നന തുടരുക. തടത്തിൽ പുതയിടുകയാണെങ്കിൽ നന നാലു ദിവസത്തിൽ ഒന്നു മതി. ഒരു നനയ്ക്കു 40 ലിറ്റർ വെള്ളം വേണം. 5 മാസം പ്രായമായ വാഴയ്ക്ക് 65 ഗ്രാം യൂറിയയും 100 ഗ്രാം പൊട്ടാഷും ചേർക്കാം. വാഴയുടെ ചുവട്ടിൽ മുളയ്ക്കുന്ന കന്നുകളും ഉണങ്ങിയ ഇലകളും വെട്ടി മാറ്റി നശിപ്പിക്കണം. മറ്റിനം വാഴകളും നനയ്ക്കുന്നതു കൊണ്ട് വിളവു കൂടും.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ 2% വീര്യമുള്ള

വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വിളകളിലെ കീടനിയന്ത്രണത്തിന് കഴിവതും ജൈവ കീടനാശിനികൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. ജൈവ കീടനാശിനികൾ തയ്യാറാക്കി അന്നു തന്നെ ഉപയോഗിക്കണം. പുകയില കഷായം, വേപ്പിൻകുരു മിശ്രിതം, വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം എന്നിവ നല്ല ജൈവ കീടനാശിനികളാണ്.

വേനൽമഴ ലഭിച്ചതിനു ശേഷം ഏപ്രിൽ മാസം ആദ്യ പകുതിയോടെ ഇഞ്ചി നടാവുന്നതാണ്. 15 ഗ്രാം തൂക്കമുള്ളതും ഒരു മുളയെങ്കിലും ഉള്ളതുമായ ഇഞ്ചി കഷണങ്ങൾ 20 x 20 മുതൽ 25 x 25 സെ.മീ. അകലത്തിൽ 4-5 സെ.മീ. താഴ്ചയിൽ മുള മുകളിലേക്ക് വരത്തക്കവിധം നടണം.

<u>അറിയിപ്പ്</u>

**1.** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പന നയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

**2.** കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണമായ കല്പധേനു എന്ന ത്രൈമാസികയുടെ വരിക്കാരാകാൻ താൽപര്യമുള്ളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വരിസംഖ്യാനിരക്ക്:- വാർഷികം 125/-അഞ്ചുവർഷം: 500/രൂപ. ഫോൺ: **0487-2370773, 9447789728.**

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ 2019 ഏപ്രിൽ 10-ാം തിയ്യതി ചെറുപഴങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 500/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : **0487 - 2370773 , 9497412597, 9074403449**

ഒപ്പ് /-

പ്രൊഫസർ & ഹെഡ്